ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഇതുവരെ വിതരണം ചെയ്ത വെളിച്ചെണ്ണയുടെ പേരിൽ 70 ലക്ഷം രൂപ നഷ്ടം വന്നുവെന്ന് പറഞ്ഞു. ആ ഭീമമായ നഷ്ടം വരുന്ന തുക; 70 ലക്ഷം രൂപ നമ്മുടെ രാജ്യത്തെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന ഈ കൃഷിക്കാരന്റെ കയ്യിൽ യഥാർത്ഥത്തിൽ എത്തിച്ചേരുന്നതിന് വല്ല നടപടിയും സ്വീകരിക്കാൻ അങ്ങ് ആലോചിക്കുന്നുണ്ടോ?

ശ്രീ. യു. എ. ബീരാൻ: കൃഷിക്കാരനെ എത്തിച്ച് കൊടുക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയാണ് ഈ കൊപ്ര സംഭരിക്കുന്നത്. അതിലൂടെയാണ് കൃഷിക്കാരെ സഹായിക്കുന്നത്.

ശ്രീ. ടി. കെ. ഹംസ: ഈ ക്ഷേ്യ എണ്ണ വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്? ആ രണ്ട് കുഴൈറിലും ഇവിടെ വന്നത് എണ്ണ ഇറക്കുമതി ചെയ്യുന്നതിനെപ്പറ്റി സംസാരിക്കാനാണോ?

ശ്രീ. യു. എ. ബീരാൻ: പാമോലിൻ ഇറക്കുമതി ചെയ്യുന്നത് മലേഷ്യയിൽ നിന്നാണ്. കുഴൈറിലും സൗദി അറേബ്യയിലുമൊന്നും ഇതുപോലുള്ള ക്ഷേ്യഎണ്ണകളം അല്ല ഉള്ളത്. പെട്രോളും മണ്ണെണ്ണയുമാണ് അവിടെയുള്ളത്. അത് ഇറുമതി ചെയ്യുന്നുണ്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, മാവേലിസ്റ്റോറുകളിൽ കൂടി പാമോലിനു പകരം വെളിച്ചെണ്ണ വിതരണം ചെയ്യുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഇങ്ങനെ വിതരണം ചെയ്യുമ്പോൾ നാളികേരം വളരെ കുറച്ച് ഉൽപ്പാദിപ്പിക്കുന്ന മലയോരപ്രദേശങ്ങൾക്കും വയനാട്, ഇടുക്കി എന്നീ പ്രദേശങ്ങൾക്കും മുൻഗണന നൽകാൻ തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: സർ, അങ്ങനെയുള്ള പ്രദേശങ്ങൾ തിരിച്ച് മുൻഗണനയൊന്നും കൊടുത്തിട്ടില്ല. കേരളമൊട്ടാകെ ഒരേ രീതിയിൽ വിതരണം ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

നോട്ടുബുക്കിൻമേലുള്ള സെയിൽസ് ടാക്സ്

* 163 [166] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടുബുക്കിൻമേൽ സെയിൽസ് ടാക്സ് ഏതെല്ലാം സംസ്ഥാനങ്ങളിൽ ഉണ്ടെന്ന് അറിയുമോ;

(ബി) കേരളത്തിൽ വിദ്യാർത്ഥികളുടെ നോട്ടുബുക്കിൻ മേലുള്ള സെയിൽസ് ടാക്സ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): (എ, ബി) സ്കൂൾകുട്ടികൾക്കായുള്ള നോട്ടുബുക്കിന് ഏതെല്ലാം സംസ്ഥാനങ്ങളിൽ സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ടെന്നുള്ളത് സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ സംബന്ധിച്ചിടത്തോളം സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന വിൽക്കുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തിനുള്ള എല്ലാ സാധനങ്ങളെയും 1–4–84 മുതൽ വിൽപ്പന നികുതിയിൽനിന്നൊഴിവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉത്തരവ് ജി.ഒ.(എം.എസ്.) 61/84/റവന്യൂ തീയതി 30–4–84–എസ്.ആർ.ഒ.നമ്പർ 318/84 ആയി ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കേരളം ഉൾപ്പെടെയുള്ള ഇൻഡ്യയിലെ നാലു സംസ്ഥാനങ്ങളിൽ മാത്രമാണ് നോട്ടുബുക്കുകൾക്ക് ടാക്സ് ഈടാക്കുന്നത്. നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സത്യവിരുദ്ധമാണ്. ഇപ്പോഴും എല്ലാ സ്കൂളുകളിലും ടാക്സ് ഈടാക്കുന്നുണ്ട്. അങ്ങനെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ പിരിച്ചിട്ടുള്ള തുക തിരിച്ച് കൊടുക്കുന്നതിന് വല്ല നടപടികളും സ്വീകരിക്കുമോ?

ശ്രീ.തച്ചടി പ്രഭാകരൻ: ഇതിൽ ഒരു സത്യവിരുദ്ധവുമില്ല. 1–4–1984–ൽ ഗസറ്റിൽ ഇതിന്റെ ഓർഡർ വന്നിട്ടുള്ളതിന്റെ നമ്പർ വരെ പറഞ്ഞിട്ടുണ്ട്. 1–4–1985–നു ശേഷം ഏതെങ്കിലും സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ.എസ്.ആർ.തങ്കരാജ്: ഒരു ദേശീയ വിദ്യാഭ്യാസ നയമെന്നുള്ള നിലയിൽ സ്കൂൾ വിദ്യാഭ്യാസമെല്ലാം സൗജന്യമാണ്. ദിവസം കഴിയുംതോറും നോട്ടുപുസ്തകങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് പരോക്ഷമായി സ്കൂൾകുട്ടികളുടെ ഫീസ് ഈടാക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂട്ടിയിട്ടുള്ള വിലയെങ്കിലും കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): നോട്ടുബുക്കുകളുടെ വില കൂട്ടിയിട്ടില്ല. സാധാരണ കേന്ദ്രഗവൺമെന്റിൽ നിന്ന് കൺസഷൻ റേറ്റിൽ കിട്ടുന്ന പേപ്പർ സ്കൂളുകൾക്ക് വിതരണം ചെയ്യുകയും അവിടത്തെ കുട്ടികൾതന്നെ ബുക്കുകൾ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. അതിൽനിന്ന് കിട്ടുന്ന ലാഭത്തിന്റെ വിഹിതം കുട്ടികൾക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഈ വർഷം ഇങ്ങനെ ലാഭവിഹിതമായി ഒരുലക്ഷത്തി മുപ്പതിനായിരം രൂപവരെ സ്കൂൾകുട്ടികൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബെന്നിബഹനാൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു, സ്കൂൾ സൊസൈറ്റികൾ വഴി വിതരണം ചെയ്യുന്ന നോട്ടുബുക്കുകൾക്ക് സെയിൽസ് ടാക്സ് ഒഴിവാക്കിയിട്ടുണ്ടെന്ന്. അതുപോലെ പൊതു മാർക്കറ്റിൽ നിന്ന് വാങ്ങുന്ന നോട്ടുബുക്കിന് സെയിൽസ് ടാക്സ് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ.തച്ചടി പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്ത് 3,400 ഓളം സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. സ്കൂൾകുട്ടികൾക്കാവശ്യമുള്ള മുഴുവൻ നോട്ടുബുക്കുകളും സാധനങ്ങളും ഈ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി വിൽക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. നേരെമറിച്ച്, സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങുന്നവയ്ക്ക് അങ്ങനെ കൊടുക്കാൻ സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ഇ.പത്മനാഭൻ: സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടു ബുക്കുകൾ നിർമ്മിക്കാനാവശ്യമായ കടലാസ് ഇൻഡ്യാഗവൺമെൻറ് കൊടുക്കുന്നതിൽ ഇല്ല. സ്കൂളുകൾക്കാവശ്യമായ നോട്ടുബുക്കുകൾ സഹകരണസൊസൈറ്റികളിൽക്കൂടി വിതരണം നടത്തണമെങ്കിൽ ഓപ്പൺ മാർക്കറ്റിൽനിന്ന് കിട്ടുന്ന നോട്ടുബുക്കുകൾകൂടി വാങ്ങി വിതരണം ചെയ്താലേ ആവശ്യം നിർവഹിക്കാൻ കഴിയൂ. അങ്ങനെ വാങ്ങി വിതരണം ചെയ്യുന്ന നോട്ടുബുക്കിൻമേലുള്ള സെയിൽസ് ടാക്സ് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ.തച്ചടി പ്രഭാകരൻ: സഹകാര്യ വ്യക്തികൾ നോട്ടുബുക്കുകൾ വിതരണം ചെയ്യുന്നത് വിദ്യാർത്ഥികൾക്കാണോ അല്ലാത്തവർക്കാണോയെന്ന് പരിശോധിക്കാനുള്ള അളവുകോലില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ നോട്ടുബുക്കുകൾ മുഴുവൻ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യണമെന്നും അതിന് സെയിൽസ്ടാക്സ് ഇളവ് ചെയ്യണമെന്നുമുള്ളതാണ് ഗവൺമെൻറ് നയം.

ശ്രീ.ഇ.പത്മനാഭൻ: സ്കൂൾ സൊസൈറ്റികളിൽക്കൂടി വിതരണം ചെയ്യുന്ന നോട്ടുബുക്കുകൾ പലപ്പോഴും ഓപ്പൺമാർക്കറ്റിൽ നിന്ന് വാങ്ങി വിതരണം ചെയ്താലേ കുട്ടികളുടെ ആവശ്യത്തിന് തികയുകയുള്ളൂ. അങ്ങനെ ഓപ്പൺമാർക്കറ്റിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന നോട്ടുബുക്കുകളിൻമേലുള്ള സെയിൽസ്ടാക്സ് ഒഴിവാക്കുമോയെന്നാണ് ചോദിച്ചത്?

ശ്രീ: തച്ചടി പ്രഭാകരൻ: കഴിയുന്നത്ര ഓപ്പൺമാർക്കറ്റിൽ നിന്ന് വാങ്ങാതിരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്തത് സഹകരണസ്ഥാപനങ്ങൾക്ക് തന്നെ നേരിട്ടു കിട്ടത്തക്കവണ്ണം ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ.ആർ.ഗൗരി: സർ, നല്ലൊരുദ്ദേശമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഇന്ന് കുട്ടികൾക്ക് നോട്ടു ബുക്കുകളും പുസ്തകങ്ങളും കോ—ഓപ്പറേറ്റീവ് സൊസൈറ്റികളിൽക്കൂടിയാണ് കൊടുക്കുന്നത്. അതെത്രശതമാനമാണ് (സ്ലേറ്റിൽ എഴുതിക്കൊണ്ടുപോകാൻ സാധിക്കില്ല, കുട്ടികൾ മായ്ച്ചുകളയും) എന്ന് പറയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ സെയിൽസ്ടാക്സിനെക്കുറിച്ചുള്ള ചോദ്യമാണ്. അതിനെക്കുറിച്ച് എന്തുചോദിച്ചാലും മറുപടി പറയാം.

ശ്രീമതി കെ.ആർ.ഗൗരി: അങ്ങനെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയരുത്. അതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് മന്ത്രി മറുപടി പറയണമായിരുന്നു. അതല്ലെങ്കിൽ നോട്ടീസുവേണമെന്ന് പറയുകയോ വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി പറയുകയോ ചെയ്യണമായിരുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സ്കൂൾ സൊസൈറ്റികൾ വഴി കുട്ടികൾക്ക് ആവശ്യമുള്ള പുസ്തകത്തിൻറെ ചുരുങ്ങിയ ഭാഗം മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അതൊരു

LIBRARY ARCHIVES Kerala Legislative Assembly

സത്യമാണ്. പക്ഷേ അതെത്രശതമാനമാണെന്ന് പറയണമെങ്കിൽ പ്രത്യേകം നോട്ടീസു തന്നാലേ പറയാൻ കഴിയുകയുള്ളൂ. കഴിയുന്നിടത്തോളം കൺസഷനിൽ കിട്ടുന്ന പേപ്പർ ലഭ്യമാക്കി സ്കൂളുകളിൽ കൊടുക്കുകയും അവിടത്തെ കുട്ടികളെ തന്നെ ബുക്കുണ്ടാക്കി സൊസൈറ്റി കൾവഴി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

ശ്രീ.കെ.എസ്.നാരായണൻ നമ്പൂതിരി: സർ, തമിഴ്നാട്ടിൽ സെയിൽസ്ടാക്സില്ലാതെയാണ് ബുക്കുകൾ വിതരണം ചെയ്യുന്നത്. അതുകൊണ്ട് തെക്കെ ഇൻഡ്യയിലെ ബയൻറിംഗ് കേന്ദ്രമായ കുന്നംകുളത്ത് കുടിൽവ്യവസായവും തൊഴിലുമായിരുന്ന നോട്ടുബുക്കു നിർമ്മാണം നാശത്തിലേക്ക് നീങ്ങുകയാണ്. കുട്ടികൾക്കുള്ള നോട്ടു പുസ്തകങ്ങളെങ്കിലും സെയിൽസ് ടാക്സിൽനിന്ന് ഒഴിവാക്കിയാൽ ജീവിതംവഴിമുട്ടി നിൽക്കുന്ന ഒരു വലിയ ജനവിഭാഗം രക്ഷപ്പെടുമെന്നുള്ളതുകൊണ്ട് അതിനെന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ.തച്ചടി പ്രഭാകരൻ: നേരത്തേ പറഞ്ഞതുപോലെ ഇപ്പോൾ സ്കൂൾകുട്ടികൾക്ക് സ്കൂൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പുസ്തകങ്ങൾക്ക് മാത്രമേ സെയിൽസ്ടാക്സ് ഒഴിവാക്കിയിട്ടുള്ളൂ. മറ്റു കാര്യങ്ങളെക്കുറിച്ച് പിന്നീട് പരിശോധിച്ച് തീരുമാനമെടുക്കും.

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ: സർ, ഓരോ സ്കൂളുകൾക്കും ആവശ്യമുള്ള നോട്ടുബുക്കുകളുടെ കണക്കെടുത്ത് അതിന് ആവശ്യമായ പേപ്പർ മൊത്തത്തിൽ വാങ്ങിച്ച് സ്കൂൾകുട്ടികളെക്കൊണ്ടു തന്നെ നോട്ടുബുക്കുകളുണ്ടാക്കിച്ച് കൊടുക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കാൻ കഴിയുമോ; അങ്ങനെയാണെങ്കിൽ കുട്ടികളെക്കൊണ്ട് തന്നെ പ്രത്യേകമായിട്ട് ചെയ്യിച്ച് ലാഭേതരമാക്കിത്തീർക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഗവൺമെൻറാണ് കൺസഷൻ റേറിൽ പേപ്പർ അലോട്ടു ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ അലോട്ടുമെൻറ് 1871 ടൺ ആയിരുന്നു. മില്ലിൽ നിന്ന് സപ്ലൈ ചെയ്യാൻ കഴിയാതെ വന്നപ്പോൾ ലഭ്യമാക്കിയത് 651 ടൺ ആയിരുന്നു. അതിൻെറ ബാക്കികൂടി കൂട്ടി 1210 ടൺ പേപ്പർ വാങ്ങിയിട്ടുണ്ട്. അധികമായി വാങ്ങിയ പേപ്പറിന് കൺസഷൻ റേറിലാണ് വില ഈടാക്കിയിരുന്നത്. 1210 ടണ്ണിൽ 651 ടൺ കഴിഞ്ഞ് ബാക്കിവന്ന പേപ്പറിൻെറ റേറ് കൺസഷൻ സബ്സിഡിയായി ഗവൺമെൻറുതന്നെ കൊടുത്തിരിക്കുകയാണ്. ആവശ്യമുള്ള മുഴുവൻ പേപ്പറും കൺസഷൻ റേറിൽ കൊടുക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ: കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, സ്കൂൾ അടിസ്ഥാനത്തിൽ പേപ്പർ കൊടുത്തിട്ട് അവിടത്തെ കുട്ടികളെക്കൊണ്ടു തന്നെ നോട്ട്ബുക്ക് ഉണ്ടാക്കിച്ചുകൊടുക്കാൻ സാധിക്കുമോയെന്നാണ് ചോദിച്ചത്?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഈ രീതിയിൽ കിട്ടുന്ന പേപ്പറുകളെല്ലാം സ്കൂളുകളിലാണ് കൊടുക്കുന്നത്. അങ്ങനെ സ്കൂളുകളിൽ കൊടുക്കുന്ന പേപ്പർ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾതന്നെ ബുക്ക് നിർമ്മിച്ചു വിതരണം ചെയ്യുകയാണ്. ഈ ഇനത്തിൽ ഈവർഷം ഒരുലക്ഷത്തിമുപ്പതിനായിരം രൂപ ലാഭേഹിത മായി ലഭിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, കുട്ടികൾക്ക് വിതരണം ചെയ്യുന്ന നോട്ടുബുക്കുകളുടെ പുറംചട്ടകളിൽ നഗ്നചിത്രങ്ങൾ കൊടുക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്കൂൾ സൊസൈറ്റികൾവഴി കൊടുക്കുന്ന ബുക്കുകളിൽ നഗ്നചിത്രങ്ങൾ ഉണ്ടാകില്ല. ഓപ്പൺ മാർക്കറ്റിൽ ഏതൊക്കെ ചിത്രങ്ങളാണ് അടിച്ചുവയ്ക്കുന്നതെന്ന് അറിയാൻ വയ്യ. അത് തടയാനുള്ള നിർദ്ദേശം കൊടുക്കാം. അങ്ങനെ സ്കൂൾ സൊസൈറ്റികൾവഴി നൽകുന്ന ബുക്കുകളിൽ ഇല്ലെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. നമ്പാടൻ മാസ്റ്ററുടെ സ്കൂളിൽ ഉണ്ടോയെന്ന് എനിക്കറിയില്ല.

ശ്രീ. ജി. വരദൻ: சார், ஹரிஜன் மாணவர்களுக்கும் ஆதி வாசி மாணவர்களுக்கும் நோட்டு புத்தகங்கள் இலவசமாக கொடுக்கப்படுமா?

ശ്രീ. തച്ചടി പ്രഭാകരൻ: അത് പ്രത്യേകമായി ചോദിച്ചാൽ പറയാം. സൗജന്യമായി വിതരണം ചെയ്യുന്നുണ്ടോയെന്ന് ഇപ്പോൾ ഗവൺമെന്റിന് അറിയില്ല.

അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന വൈദ്യുതി

* 164 [167] ശ്രീ. വി.സി.കബീർ:
,, കെ.കെ.ബാലകൃഷ്ണൻ:
,, എ.കെ.ശശീന്ദ്രൻ:
,, കെ.പി.എ.മജീദ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് അന്യ സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിമാസം എത്രവീതം;

(സി) ഇതിന്റെ നിരക്ക് എത്രയെന്നു വ്യക്തമാക്കാമോ;

(ഡി) എന്തു വ്യവസ്ഥയിലാണിങ്ങനെ നൽകുന്നത്;

(ഇ) കേരളത്തിൽ പവർകട്ട് ഏർപ്പെടുത്തുമ്പോഴും മറ്റു സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകാറുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly